VIII. റിപ്പോർട്ട് സമർപ്പണം

(1) 2005-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, 2005-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ മുഖ്യമന്ത്രിക്കുവേണ്ടി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനഞ്ചാമത് റിപ്പോർട്ട്

ശ്രീ. നാലകത്ത് സൂപ്പി: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

IX. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ലാൻഡ് റിഫോംസ് അമെന്റ്മെന്റ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ:)* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, 2004-ലെ കേരള ലാന്റ് റിഫോംസ് അമെന്റ്മെന്റ് ബില്ലിൻമേലുള്ള എന്റെ ഡിസന്റ് രേഖപ്പെടുത്തുന്നു. ഇതിന്റെ അവതരണവേളയിൽ കാര്യമായി ഒന്നും സംസാരിക്കാനില്ലെന്നുപറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രി ഒഴിയുകയാണ് ചെയ്തത്. കാരണം ഈ ബിൽ, കേരളം രാജ്യത്തിനൊട്ടാകെ സമ്മാനിച്ച മാതൃകാപരമായ കാർഷിക പരിഷ്കരണ നിയമത്തിൽ ഗൗരവതരമായ മാറ്റം വരുത്തുന്ന ഒന്നാണ്. ഇതിനുമുൻപ് യു. ഡി. എഫ്. ഗവൺമെന്റ് അല്ലെങ്കിൽ കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റുകൾ അധികാരത്തിൽ വന്നപ്പോഴൊക്കെ ഭൂപരിഷ്കരണനിയമത്തിൽ വൻകിട ഭൂവുടമകൾക്കുവേണ്ടി, അവരുടെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി. ടി ചാക്കോ മന്ത്രി ആയിരുന്ന അവസരത്തിൽ ഇതുപോലുള്ള ഭേദഗതികൾ കാർഷിക പരിഷ്കരണ നിയമത്തിൽ കൊണ്ടുവരികയും വൻകിട ഭൂവുടമകളുടെ താൽപ്പര്യത്തിനുവേണ്ടി അന്ന് നീക്കം നടത്തുകയും ചെയ്തതാണ്. 1967-ൽ ആ ഭേദഗതികൾ ഇല്ലാതാക്കി നിയമം പൂർവ്വസ്ഥിതിയിലാക്കുകയും കേരളത്തിലെ ഭൂരഹിതരായ ഹരിജൻ-ആദിവാസി-പിന്നോക്ക ജനവിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കാൻ സഹായിക്കുന്ന നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ മിച്ചഭൂമി ലഭിക്കാനാവശ്യമായ സംവിധാനമുണ്ടാക്കുകയും ചെയ്തു. ഇപ്പോൾ വീണ്ടും മാണിസാറിന്റെ നേതൃത്വത്തിൽ വൻകിടക്കാരെ സഹായിക്കുന്നതിനുവേണ്ടി ഒരു കൗശലം എന്നനിലയിൽ ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്താനും അത്യാവശ്യം ചില കാര്യങ്ങൾ കൂട്ടിച്ചേർക്കാനും ആവശ്യമായ സംവിധാനമുണ്ടാക്കാൻവേണ്ടി നിയമം ഭേദഗതി ചെയ്യുകയാണ് ചെയ്യുന്നത്. ഭേദഗതിചെയ്യുന്ന അവസരത്തിൽ കശുമാവ് ഒരു ഹെക്ടറിൽ, രണ്ടര ഏക്കറിൽ 150 കശുമാവിൻ തൈകളുള്ള ഭൂമി എല്ലാംതന്നെ ഭൂപരിഷ്കരണ നിയമത്തിൽനിന്ന് ഒഴിവാക്കപ്പെടും. മൂലനിയമത്തിൽ ഓരോ കുടുംബത്തിനും കൈവശംവയ്ക്കാവുന്ന ഭൂമിയുടെ കൃത്യമായ അളവ് വകുപ്പ് 82-ൽ പറഞ്ഞിരിക്കുന്നു. 82 എ,ബി,സി,ഡി,ഇ വകുപ്പുകൾ ഒരംഗമുള്ള, രണ്ടംഗമുള്ള, രണ്ടിൽകൂടുതൽ അംഗങ്ങളുള്ള അതുപോലെതന്നെ ഒരു കൂട്ടുകുടുംബത്തിന് ഒക്കെ കൈവശം വയ്ക്കാവുന്ന ഭൂമിയുടെ അളവ് കൃത്യമായി നിർണ്ണയിച്ചിട്ടുള്ളതാണ്. കേരളം പോലെ വിസ്തൃതി കുറഞ്ഞ ജനസാന്ദ്രത വളരെ കൂടിയ ഒരു സംസ്ഥാനത്ത് ലഭ്യമാകുന്നിടത്തോളം മിച്ചഭൂമി സർക്കാർ മുതൽക്കൂട്ടി പാവപ്പെട്ട ഭൂരഹിതരായ ഹരിജൻ-ആദിവാസി-പിന്നോക്ക ജനവിഭാഗങ്ങൾക്ക് വിതരണം ചെയ്യുക എന്നുള്ള മനുഷ്യത്വപരമായ സമീപനം വച്ചുപുലർത്തേണ്ടത് ഏതൊരു ഗവൺമെന്റിന്റെയും ഉത്തരവാദിത്വവും ബാധ്യതയുമാണ്. അങ്ങനെ ഒരു ഉത്തരവാദിത്വം ഞങ്ങൾക്കില്ല എന്ന നിലപാടാണ് യു. ഡി. എഫ്. സർക്കാരുകൾ തുടർച്ചയായി സ്വീകരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ഹരിജൻ-ആദിവാസി-പിന്നോക്ക ജനവിഭാഗങ്ങളോട് കാണിക്കുന്ന നിഷേധാത്മകമായ നയത്തിനെതിരായുള്ള ഒട്ടേറെ പ്രക്ഷോഭങ്ങൾ കേരളത്തിനകത്ത് ഉയർന്നുവന്നു. ഇങ്ങനെ ഉയർന്നുവന്ന ഘട്ടത്തിൽ അവരാവശ്യപ്പെടുന്നപോലെ അഞ്ചേക്കർ ഭൂമി കൊടുക്കാൻ, അതിനു സാധിക്കുന്നില്ലായെങ്കിൽ ഒരേക്കർ വീതമെങ്കിലും കൊടുക്കാൻ ശ്രമിക്കണം. 22000-ഓളം വരുന്ന ആദിവാസി കുടുംബങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടെന്നാണ് കണക്ക്. അവർക്ക് ഭൂമി കണ്ടെത്താൻ നമുക്ക് സാധിക്കുന്നില്ല, അവർക്ക് കൊടുക്കാനാവശ്യമായ ഭൂമി നേടുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിനെ സമീപിച്ചിരിക്കുകയാണ്. കേന്ദ്ര റിസർവ് വനത്തിൽ നിന്ന് ഭൂമി ലഭ്യമാക്കി അവർക്ക് കൊടുക്കാനാവശ്യമായ സംവിധാനമുണ്ടാക്കാനുള്ള ഭഗീരഥ യത്നം ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് കേന്ദ്ര ഗവൺമെന്റ് കർശനമായ നിബന്ധനകൾ മുന്നോട്ടുവയ്ക്കുന്നു. ആ നിബന്ധനകൾക്കു വഴങ്ങി ഭൂമി കണ്ടെത്തി ഹരിജൻ-ആദിവാസി-പിന്നോക്ക ജനവിഭാഗങ്ങൾക്ക് കൊടുക്കാൻ നമുക്ക് സാധിക്കുന്നില്ല. നമ്മുടെ കൈവശമുള്ള ഭൂമി മിച്ചഭൂമിയായി കണ്ടെത്തി മുതൽകൂട്ടി വിതരണം ചെയ്യാൻ സാധിക്കുന്ന വിധത്തിൽ ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല എന്നുമാത്രമല്ല ഇന്നും സ്വകാര്യ വ്യക്തികൾക്ക് ഭൂമി കയ്യേറി കൈവശം വയ്ക്കാനുള്ള നിലയിലേക്ക് പലപ്പോഴും നമ്മുടെ നടപടികൾ മുന്നോട്ടുപോവുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട അംഗം, 1963-ൽ പി. ടി. ചാക്കോ ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നപ്പോൾ കശുമാവിൻ തോട്ടം ഭൂപരിഷ്കരണത്തിൽനിന്ന് ഒഴിവാക്കാൻ നീക്കം നടന്നു. 1967-ലെ ഇ. എം. എസ്. ഗവൺമെന്റാണ് അത് ഒഴിവാക്കിയത്. യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇത്തരത്തിൽ പല കാര്യങ്ങളും ചെയ്യാറുണ്ട്. മുൻ യു. ഡി. എഫ്. ഗവൺമെന്റ് നെല്ലിയാമ്പതി ഗ്രോസറി എസ്റ്റേറ്റിന്റെ ലീസിന്റെ കാലാവധി കഴിയുന്നതിനുമുൻപ് അത് പുതുക്കിക്കൊടുത്തു. അത് എൽ. ഡി. എഫ്. ഗവൺമെന്റ് വന്നപ്പോൾ റദ്ദാക്കി. അതിന്റെ ഉടമകൾ സുപ്രീംകോടതിവരെ നിയമയുദ്ധം നടത്തിയിട്ടും എൽ. ഡി. എഫ്. ഗവൺമെന്റിന്റെ നിലപാട് ശരിവയ്ക്കുകയാണ് ചെയ്തത്. ഇപ്പോൾ യു. ഡി. എഫ്. ഗവൺമെന്റ് വന്നപ്പോൾ 2007-ൽ ലീസ് കാലാവധി കഴിയുന്ന പോബ്സൺ ഉടമസ്ഥതയിലുള്ള തൂത്തുമ്പാറ എസ്റ്റേറ്റിന് ലീസ് പുതുക്കിക്കൊടുത്ത കാര്യം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: 2007 വരെയാണ് പോബ്സണിന്റെ കയ്യിലുള്ള തൂത്തുമ്പാറ എസ്റ്റേറ്റിന്റെ കാലാവധി. ഇത്തരത്തിൽ തോട്ടങ്ങൾ ദീർഘകാല ലീസിന് എടുത്തിട്ടുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും അവർക്കുള്ള ലീസിന്റെ കാലാവധികഴിയുന്ന മുറയ്ക്ക് അത് സർക്കാരിന്റേതാക്കി മാറ്റാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 2007-ലാണ് പോബ്സണിന്റെ കൈവശമുള്ള തൂത്തുമ്പാറ എസ്റ്റേറ്റിന്റെ കാലാവധി അവസാനിക്കാൻ പോകുന്നത്. 2005-ൽ, ഈ ഗവണ്മെന്റ് നിലനിൽക്കുന്ന അവസരത്തിൽ തന്നെ അവരുടെ കാലാവധിതീരുന്നതിനുമുമ്പ്, അടുത്ത ഗവണ്മെന്റിന് നടപടി സ്വീകരിക്കാൻ സാധിക്കാത്തനിലയിൽ കാലാവധി നീട്ടിക്കൊടുക്കുന്നതിനുവേണ്ടിയുള്ള അണിയറ നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ നടക്കുന്ന നീക്കങ്ങളെല്ലാം തന്നെ നമ്മുടെ നാട്ടിൽ ലഭ്യമാകാൻ സാധ്യതയുള്ള മിച്ചഭൂമികൂടി ഇല്ലാതാക്കുന്ന നിലയിലേക്കുള്ള സംവിധാനം ഉണ്ടാക്കുകയാണ്. ടാറ്റായുടെ കൈവശമുള്ള ഭൂമി അവരുടെ ലീസിന്റെ കാലാവധി തീരുന്ന മുറയ്ക്ക് സർക്കാരിലേക്ക് മുതൽക്കൂട്ടാക്കാൻ നടപടി വേണം. അല്ലെങ്കിൽ അവർക്ക് തോന്നുന്ന ആളുകൾക്ക് ഭൂമി മറിച്ചുവിൽക്കാനാവശ്യമായ നടപടികളുമായിട്ട് അവർ മുന്നോട്ടുപോകും. ടാറ്റയുടെ കൈവശമുള്ള ഭൂമി പന്ത്രണ്ടോളം വരുന്ന വ്യത്യസ്ത ഏജൻസികൾക്ക് മറിച്ചുവിൽക്കുന്നതിനുള്ള നീക്കം വളരെ ശക്തമായി അവർ നടത്തുകയാണ്. അങ്ങനെ നീക്കം നടത്തുമ്പോൾ സർക്കാരിന്റെ ഭൂമിയാണ് ഈ നിലയിൽ പാഴായി പോകുന്നതെന്ന് തിരിച്ചറിഞ്ഞ് ആ ഭൂമി സർക്കാരിന്റേതായി സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. മാത്രമല്ല, കയ്യേറ്റക്കാരെ സഹായിക്കുന്ന, അവരെ പ്രോൽസാഹിപ്പിക്കുന്ന നടപടികളുമായിട്ടാണ് ഗവണ്മെന്റ് മുന്നോട്ടു പോകുന്നത്. അതിനെ സഹായിക്കുന്ന നടപടികളാണ് ഗവണ്മെന്റ് സ്വീകരിക്കുന്നത്. ആ സഹായത്തിന്റെ ഭാഗമായിട്ട് വേണം ഈ അമെന്റ്മെന്റിനെ നമ്മൾ കാണേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് പരിശോധിക്കാനാവശ്യമായ സംവിധാനം ഉണ്ടാകണം. ഒരു ഹെക്ടർ സ്ഥലത്ത് 150-ൽ കൂടുതൽ കശുമാവ് തൈകളുണ്ടെങ്കിൽ ആ കശുമാവ് തൈകളുള്ള പ്രദേശം എത്ര ഏക്കറായാലും ഭൂപരിധി നിയമത്തിൽനിന്ന് ഒഴിവാക്കണം. അത്തരം ഭൂമിയുടെ 5% ഫ്ളോറി കൾച്ചർ, റാനിറ കൃഷി, മെഡിസിനൽ പ്ളാന്റ്സ്, മറ്റു കാർഷിക വിളകൾ എന്നിവയ്ക്കു വേണ്ടി പ്രയോജനപ്പെടുത്താമെന്നു പറയുന്നതോടൊപ്പം ടൂറിസം വികസനം, ഹോട്ടലുകൾ, റിസോർട്ടുകൾ, മറ്റു ടൂറിസം വികസനപദ്ധതികൾ എന്നിവയ്ക്കുവേണ്ടി പ്രയോജനപ്പെടുത്താമെന്നുള്ളത് ഈ നിയമത്തിന്റെ ഭാഗമായി വരാൻ പോകുകയാണ്.

ശ്രീ. ബിനോയ് വിശ്വം: സർ, പാലാ, വാഗമൺ, മൂന്നാർ എന്നീ ഭാഗങ്ങളിലൊക്കെ ഒരു പുതിയ പ്രാർത്ഥനാഗീതം ഉണ്ടായതായി കേൾക്കുന്നു. 'എന്തതിശയമേ കശുവണ്ടി സ്നേഹം എത്ര മനോഹരമേ' എന്നാണ് പാടുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കശുവണ്ടിത്തൊഴിലാളികളുടെ, കശുവണ്ടി വ്യവസായത്തിന്റെ പേരിലാണ് ഇവർ മുതലക്കണ്ണീർ ഒഴുക്കുന്നത്. സഭ ചേരുന്ന അവസരത്തിലാണ് കേരളത്തെ അങ്ങേയറ്റം വേദനയിലാഴ്ത്തിയ, ഒരുപാട് പേരുടെ മരണത്തിനിടയാക്കിയ കാലവർഷത്തിന്റെ അതിപ്രസരവും മലയോരപ്രദേശങ്ങളിൽ ഭീകരമായ ദുരന്തവും ഉണ്ടായത്. നമ്മൾ അത് ചർച്ച ചെയ്തു. ആ ചർച്ചയുടെ ഭാഗമായി ഉയർന്നുവന്ന വിമർശനങ്ങളിൽ ഏറ്റവും ശക്തമായ ഒന്ന്, പാരിസ്ഥിതിക ആഘാതം സൃഷ്ടിക്കുന്ന നിലയിൽ കുന്നിൻപ്രദേശങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന നിർമ്മാണപ്രവർത്തനങ്ങളാണ്. ടൂറിസം വികസനത്തിന്റെ പേരിൽ ഹോട്ടലുകളുടേയും റിസോർട്ടുകളുടേയും മറ്റു നിർമ്മാണ പ്രവർത്തനങ്ങളുടേയും ഭാഗമായിട്ടാണ് ഇത്തരം ദുരന്തമുണ്ടാകുന്നത് എന്നുള്ള വിലയിരുത്തലാണ് നമ്മൾ ചർച്ച ചെയ്തത്.

ശ്രീ. എ. കെ. മണി: സർ, അങ്ങു പറഞ്ഞത് വളരെ ശരിയാണ്. ഇടുക്കി ജില്ലയിൽ ധാരാളം വനഭൂമികൾ, കാർഡമം റിസർവ്വ് ലാൻഡുകളെല്ലാം ഗവണ്മെന്റിൽ ടാക്സ് അടയ്ക്കാതെ കൈവശം വച്ചുകൊണ്ടിരിക്കുന്ന മുതലാളിമാരിൽ നിന്നും ഈ സ്ഥലങ്ങൾ വീണ്ടെടുത്ത് പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സ്ഥലം കൊടുക്കാൻവേണ്ട കാര്യങ്ങൾ കൂടി ഈ നിയമത്തിൽ ഉൾപ്പെടുത്തണമെന്നു പറയാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: തീർച്ചയായും. ശ്രീ. എ. കെ. മണി പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ്. യു. ഡി. എഫ്.-നകത്തെ ഒരംഗമാണ് അദ്ദേഹം. അദ്ദേഹത്തിന്റെ നാട്ടിൽ, അദ്ദേഹത്തിന്റെ അനുഭവത്തിലുള്ള കാര്യങ്ങളാണ് പറഞ്ഞത്. യു. ഡി. എഫ്.-നകത്തു തന്നെ മാണി സാറിന്റെ പല നിലപാടുകളോടും ശക്തമായ വിയോജിപ്പുണ്ട്. മാണി സാറിനെ ഭയക്കുന്നതുകൊണ്ട് പലപ്പോഴും യു. ഡി. എഫ്.-ന്റെ പല ആളുകളും നേരിട്ട് പറയുന്നില്ല എന്നുള്ളതാണ്. മാണി സാറിന്റെ ഇത്തരം നടപടികൾക്കെതിരായിട്ടുള്ള ശക്തമായ അമർഷം യു. ഡി. എഫ്.-നകത്തു തന്നെ പല ആളുകൾക്കുമുണ്ട്.

GPM. 2/611/2012—25

LIBRARY ARCHIVES Kerala Legislative Assembly

ആ അമർഷമാണ് ശ്രീ. എ. കെ. മണി പ്രകടിപ്പിക്കുന്നത്. ആ അമർഷത്തെ അതേപടി ഉൾക്കൊള്ളുകയാണ്.

ശ്രീ. പി. സി. ജോർജ്: ശ്രീ. മണിയും ശ്രീ. മാണിയും തമ്മിൽ യോജിപ്പില്ല എന്നുള്ളതല്ലേ അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ശ്രീ. മാണിയും ശ്രീ. മണിയും തമ്മിൽ ഒരു യോജിപ്പുമില്ല. യു. ഡി. എഫ്.നകത്തെ മഹാഭൂരിപക്ഷം ആളുകൾക്കും മാണി സാറിന്റെ ഇത്തരം നടപടികളോട് ശക്തമായ വിയോജിപ്പുണ്ട്.

ശ്രീ. രാജു എബ്രഹാം: സർ, ശ്രീ. മണി ഈ കാര്യം മറച്ചുവയ്ക്കാനുള്ള കാരണം, അദ്ദേഹത്തിന് ശ്രീ. ടി.എം. ജേക്കബ്ബിന്റെ ഗതിയുണ്ടാകുമെന്ന ഭയപ്പാടുകൊണ്ടാണെന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഇതിലെ പ്രധാനപ്പെട്ട ഒരു പ്രശ്നം, ഈ അമെന്റ്മെന്റ് വരുന്നതോടുകൂടി നിലവിലുള്ള ഭൂപരിധി നിയമം പൂർണ്ണമായി ലംഘിക്കപ്പെടുകയും കശുമാവ് തോട്ടത്തിന്റെ പേരിൽ പരിധിയില്ലാതെ ഭൂമി കൈവശം വയ്ക്കാനാവശ്യമായ സഹായങ്ങൾ ഇന്ന് അനധികൃതമായി ഭൂമി കയ്യടക്കിവച്ചിട്ടുള്ള വൻകിടക്കാർക്ക് ലഭ്യമാകുകയും ചെയ്യുകയാണ്. അങ്ങനെ വരുന്ന അവസരത്തിൽ തീർച്ചയായും ഏറ്റവുമധികം ദോഷകരമായി ബാധിക്കാൻ പോകുന്നത് നമ്മുടെ നാട്ടിലെ പാവപ്പെട്ട ഹരിജനങ്ങൾ, ആദിവാസികൾ, കർഷകത്തൊഴിലാളി വിഭാഗങ്ങൾ എന്നിവരെയാണ്. മറയൂരിലും മറ്റു പ്രദേശങ്ങളിലുമൊക്കെ ഹരിജനങ്ങൾക്കും ആദിവാസികൾക്കുമൊക്കെ ഭൂമി കൊടുക്കാം, പട്ടയം കൊടുക്കാമെന്നൊക്കെ പറഞ്ഞ് വലിയ മേളകൾ സംഘടിപ്പിക്കുകയും കുമ്മിയടിയും കോൽക്കളിയുമായിട്ട് ആഘോഷപൂർവ്വം പട്ടയമേള നടത്തിയശേഷം അവർക്ക് അവിടെ താമസിക്കാനാവശ്യമായ സംവിധാനമുണ്ടാക്കാൻ പോലും സാധിക്കാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്തിരിക്കുകയാണ്. അവർക്ക് ജീവിക്കാനാവശ്യമായ സൗകര്യം സർക്കാർ ചെയ്തുകൊടുക്കുന്നില്ല. അങ്ങനെ ഹരിജനങ്ങളും ആദിവാസികളും ഭൂമി കിട്ടാതെ കഷ്ടപ്പെടുന്നു. ഭൂരഹിതരായ ആയിരക്കണക്കിന് ആളുകളുള്ള കേരളത്തിനകത്ത് സർക്കാരിന്റെ കൈകളിൽ വന്നുചേരേണ്ട ഭൂമി പോലും വൻകിടക്കാർക്ക് കിട്ടാൻ സഹായകരമായ രീതിയിൽ കാര്യങ്ങൾ ചെയ്തുകൊടുക്കാൻ വേണ്ടി നടത്തുന്ന ഏതു നീക്കവും ശക്തിയുക്തം എതിർക്കപ്പെടേണ്ടതാണ്. അതുകൊണ്ട് ഈ നീക്കത്തെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ ഡിസന്റ് രേഖപ്പെടുത്തുകയാണ്.

ശ്രീ. രാജു എബ്രഹാം: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ പൊതു ജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ശ്രീ. കെ.വി. കുഞ്ഞിരാമൻ ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ എല്ലാ മേഖലകളിലും വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ പോകുന്ന ഭേദഗതിയാണ് ബഹുമാനപ്പെട്ട കെ.എം. മാണി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. 1957-ൽ അന്നത്തെ ഇ.എം.എസ്. ഗവണ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കുടികിടപ്പുകാർക്കുവേണ്ടിയുള്ള ഓർഡിനൻസ് കൊണ്ടുവന്നപ്പോൾ അതില്ലാതാക്കാൻ വേണ്ടിയുള്ള പ്രതിഷേധം ഉയർന്നതാണ്. അതിനുവേണ്ടിയായിരുന്നു വിമോചന സമരം. ഇന്നത്തെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അതിനെത്തുടർന്നാണ് ഇത്തരത്തിലുള്ള പ്രതിഷേധം കേരളത്തിൽ യു.ഡി.എഫ്. ഉയർത്തിക്കൊണ്ടുവന്നത്. അന്ന് തകർക്കാൻ കഴിയാതിരുന്ന കാര്യം 1967-ലെ ഇ.എം.എസ്. ഗവണ്മെന്റ് ഭൂപരിഷ്കരണ നിയമമായി കൊണ്ടുവന്നശേഷം അവസരം കിട്ടുമ്പോഴെല്ലാം ഭൂപരിഷ്കരണ നിയമത്തിന്റെ ചിറകരിയാനുള്ള കഠിനമായ, ക്രൂരമായ പരീക്ഷണങ്ങളാണ് നിങ്ങളുടെ ഭാഗത്ത് നിന്നും ഉണ്ടായിരുന്നത് എന്നുള്ളതാണ് ഏറ്റവും ഖേദകരമായ കാര്യം. ഇന്ന് കേരളത്തെപ്പറ്റി പറയുമ്പോൾ അഭിമാനത്തോടുകൂടി പറയുന്നത്, ആരോഗ്യ പരിപാലനത്തിന്റെ കാര്യത്തിൽ, വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, സാക്ഷരതയുടെ കാര്യത്തിലൊക്കെത്തന്നെ കേരളം മുൻപന്തിയിലാണ് എന്നാണ്. ബഹുമാനപ്പെട്ട രാഷ്ട്രപതി പോലും ഇവിടത്തെ ഭൂപരിഷ്ക്കരണത്തെപ്പറ്റി പ്രശംസിച്ച് പറഞ്ഞു. രാഷ്ട്രപതി മാത്രമല്ല, പ്രധാനമന്ത്രിയായാലും ഏതു മന്ത്രിമാരായാലും പുറത്തുള്ള ആളുകളായാലും കേരളത്തിലെ ഭൂപരിഷ്ക്കരണത്തെപ്പറ്റി പറയാറുണ്ട്. ഇന്നലെ ശ്രീ. കടവൂർ ശിവദാസൻ പ്രസംഗിച്ചപ്പോഴും ഭൂപരിഷ്ക്കരണത്തെപ്പറ്റി പ്രകീർത്തിച്ച് പറഞ്ഞു. അവസരം കിട്ടുമ്പോഴെല്ലാം ഇതിന്റെ ചിറകരിഞ്ഞുകൊണ്ടാണ് ഇത്തരം ക്രൂരമായ സമീപനങ്ങൾക്ക് തുടക്കമിട്ടത്. കേരളത്തെ സംബന്ധിച്ചിടത്തോളം കശുമാവ് തോട്ടത്തിന്റെ അഞ്ചു ശതമാനം വാനില കൃഷി, ഹോട്ടലുകളും റിസോർട്ടുകളും, ഫ്ളോറി കൾച്ചർ, ടൂറിസം പ്രോജക്ടുകൾ എന്നിവ തുടങ്ങാനാണ്. കശുമാവ് കൃഷിയെ സംബന്ധിച്ചിടത്തോളം ഇത്രയും ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ കേരളത്തിലെ കുടുംബശ്രീകൾ മുഖേന ഒരു കുടുംബത്തിന് രണ്ടു കശുമാവിന്റെ തൈകൾ വീതം കൊടുത്താൽ സ്വാഭാവികമായിട്ടും കേരളത്തിലെ കശുവണ്ടി പ്രശ്നം പരിഹരിക്കുമായിരുന്നു. അത്തരത്തിലുള്ള സൃഷ്ടിപരമായ സമീപനമുണ്ടോ? ആദിവാസികൾക്ക് അഞ്ചേക്കർ ഭൂമി കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി അനിൽകുമാർ ചാർജെടുത്ത സമയത്ത് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി അങ്ങനെ പറഞ്ഞിട്ടുണ്ടോ എന്ന് അറിയില്ല എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. കെ. എം. മാണിയുമടക്കം പട്ടയമേള നടത്തി അറിടെ പോയി കുമ്മിയടിച്ചതല്ലേ? 'സമ്മതമായ് ചേർന്നുനിന്നാൽ ഭൂമി തരാം ജാനകീ' എന്നൊക്കെ പാട്ടു പാടി നിന്നിട്ട് പാവപ്പെട്ട ആദിവാസികൾക്ക് ഒരേക്കർ ഭൂമിയെങ്കിലും കൊടുക്കാൻ മനസ്സുണ്ടായോ? അതല്ലേ കേരളം ഇന്ന് ആവശ്യപ്പെടുന്നത്. ഇവിടെ വാനിലയുടെ കാര്യമൊക്കെ പറയാതിരിക്കുകയാണ് ഭേദം. ഞാനും 200 മൂട് വാനില വച്ച് അധോഗതിയിലായതാണ്. ഇപ്പോൾ അത് എവിടെക്കൊണ്ടുപോയി ഡമ്പ് ചെയ്യണമെന്നറിയാതെ ഗതികേടിലായ ഒരു പെറിയ കൃഷിക്കാരനാണ് ഞാൻ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സർ, കൊക്കോ കൃഷി ചെയ്തവർ അത് വെട്ടി എന്തുചെയ്തുവെന്ന് അറിയില്ല. ഇപ്പോൾ വാനിലകൃഷി ചെയ്യാൻ പറഞ്ഞു. വല്ല പച്ചച്ചീനിയുമായിരുന്നു കൃഷിചെയ്തിരുന്നതെങ്കിൽ പുഴുങ്ങി തിന്നുകയെങ്കിലും ചെയ്യാമായിരുന്നു. ഈ വാനിലകൃഷി ചെയ്യാൻ പ്രേരിപ്പിച്ച ബഹുമാനപ്പെട്ട യു.ഡി.എഫ്. സർക്കാർ അത് ചുമന്നുകൊണ്ടു നടക്കുന്ന ആളുകൾ എന്തുചെയ്യണമെന്ന് ഈ അവസരത്തിലെങ്കിലും പറയണമായിരുന്നു. വീണ്ടും 5% വാനില കൊടുക്കുന്ന വിധത്തിലൊന്നും പറയണ്ട, അത് പുഴുങ്ങിത്തിന്നാൻ പറ്റുമോ? കുട്ടയിൽ ചുമന്നുകൊണ്ടു നടക്കാൻ പറ്റുമോ? എന്തുചെയ്യണമെന്ന് ഈ അവസരത്തിലെങ്കിലുമൊന്ന് വിശദമാക്കിക്കൊടുക്കാമോ?

ശ്രീ. ഇ. എം. അഗസ്തി: സർ, ബഹുമാന്യനായ സുഹൃത്ത് ശ്രീ.രാജു എബ്രഹാം കൃഷിക്കാരനാണെന്നു പറഞ്ഞതിൽ സന്തോഷമുണ്ട്. പക്ഷേ ഒരു സംശയം, അദ്ദേഹം വാനിലകൃഷി ചെയ്യുന്നത് സ്വന്തം പറമ്പിലാണോ അതോ വേറെയാരുടെയെങ്കിലും പറമ്പിലാണോയെന്ന് പറഞ്ഞാൽകൊള്ളാം.

ശ്രീ. രാജു എബ്രഹാം: അങ്ങയുടെ കൃഷിയല്ല ഇത്. അതുമാത്രമല്ല സഹേദ് മുസ്ലി വലിയ തട്ടിപ്പാണ്. ഞാൻ വിചാരിച്ചത് ആ വാക്കുകൂടി ഇവിടെ വരുമെന്നാണ്, പക്ഷേ അത് വന്നില്ല. എന്താണ് ഈ കേരളത്തെ സംബന്ധിച്ചിടത്തോളം, ആടുകൃഷി, തേക്ക്-മാഞ്ചിയം കൃഷി, വാനില കൃഷി, സഹേദ് മുസ്ലി കൃഷി, അത് ഈ കാലഘട്ടത്തിൽ മാത്രമാണ്. യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോഴാണല്ലോ ഇതെല്ലാം വലിയതോതിൽ ഉയർന്നുവരുന്നത്.

ശ്രീ. ജോണി നെല്ലൂർ: സർ, സഹേദ് മുസ്ലിയുടെ കാര്യം ഇപ്പോൾ അങ്ങ് പറഞ്ഞു. ആ മുസ്ലിയിൽ നിന്നും ഒരു ഉല്പന്നമുണ്ടാക്കി ഈ അടുത്ത ദിവസം തിരുവനന്തപുരത്ത് അത് മാർക്കറ്റിലിറങ്ങി. മുസ്ലിപവർ എന്നുപറയുന്ന ഒരു ഉല്പന്നമാണ്, ആരോഗ്യമില്ലാത്ത ആളുകൾക്ക് ആരോഗ്യമുണ്ടാക്കുവാനും നഷ്ടപ്പെട്ടുപോയ മുഴുവൻ ഓജസ്സും വീണ്ടെടുക്കുവാനും കഴിയുന്ന വലിയൊരു പവർ നൽകുന്ന ഉൽപ്പന്നമാണ്. അത് നമ്മുടെ സംസ്ഥാനത്തെ മന്ത്രിമാരും എം.എൽ.എ. മാരുമൊക്കെ ചേർന്ന് പ്രകാശനം ചെയ്ത് വിപണിയിലെത്തിച്ചു എന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. രാജു എബ്രഹാം: മുസ്ലികൃഷി ആരംഭിച്ചപ്പോൾ പല സ്ഥലത്തും ഇത് മൂടോടുകൂടി ചെറുപ്പക്കാരും പ്രായമുള്ള ആളുകളും മോഷ്ടിച്ചുകൊണ്ടുപോയി.

മി. സ്പീക്കർ: ശ്രീ. ജോണി നെല്ലൂരിന്റെ ആരോഗ്യരഹസ്യം അതാണോ?

ശ്രീ. രാജു എബ്രഹാം: ഇത്തരം വകുപ്പുകൾ കൂട്ടിച്ചേർത്തു കഴിയുമ്പോൾ, കേരളം ലോകത്തിന്റെ നെറുകയിലെത്തിച്ച വലിയൊരു ഭൂപരിഷ്ക്കരണനിയമം, പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം നമുക്കറിയാം ഭൂപരിഷ്ക്കരണ നിയമം വരുന്നതിനുമുമ്പ് നമ്മുടെ നാട്ടിലെ പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾ പള്ളിക്കൂടങ്ങളിൽ പോയിരുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾ ഭൂപരിഷ്ക്കരണ നിയമവും അതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റൈപ്പെൻഡുമൊക്കെ ഏർപ്പെടുത്തിക്കഴിഞ്ഞപ്പോൾ പള്ളിക്കൂടങ്ങളിൽ പഠിക്കാൻ പോയി. അത്തരത്തിലുള്ള വിപ്ലവകരമായ മാറ്റം കേരളത്തിലുണ്ടായതുകൊണ്ടാണ് ഇന്ന് പഠനത്തിന്റെ കാര്യത്തിൽ, വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, നേട്ടങ്ങളുടെ കാര്യത്തിൽ എല്ലാം കേരളം ഇന്ത്യയിൽ ഒന്നാമത് എത്തിനിൽക്കുന്നത്. അതിനെയെല്ലാം കുഴിച്ചുമൂടുന്ന തരത്തിലുള്ള ഇത്തരം നടപടികൾ പുരോഗമനപരമായിട്ടുള്ള കേരളത്തെ പുറകോട്ടു നയിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഏതു കാലഘട്ടത്തിലും യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ അത്രയും കേരളത്തെ പുറകോട്ടുകൊണ്ടുപോകാൻ വേണ്ടിയുള്ള നടപടികളാണുണ്ടാകുന്നത്. ഹിമാലയ ഗ്രൂപ്പും ഇന്റഗ്രേറ്റഡ് ഫിനാൻസും മാത്രമല്ല കേരളത്തെ സംബന്ധിച്ചിടത്തോളം വളർന്നുവരേണ്ടത്. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തെ മുന്നോട്ടു നയിക്കാൻ കഴിയുന്ന തരത്തിലുള്ള ക്രിയാത്മകമായ സൃഷ്ടിപരമായ നിയമനിർമ്മാണങ്ങളാണ് വേണ്ടത്. ഏതു പാടശേഖരങ്ങളും നികത്താമെന്ന തരത്തിലേക്കുള്ള നിയമനിർമ്മാണം കേരളത്തിനാവശ്യമാണെന്നു പറഞ്ഞുകൊണ്ട് എം.എൽ.എ. മാർക്ക് സർക്കുലേറ്റ് ചെയ്ത ഖേദകരമായ അനുഭവം ഈ നിയമസഭയുടെ മുമ്പിൽ നിൽക്കുകയാണ്. അത്തരത്തിലുള്ള നിയമനിർമ്മാണമല്ല നമുക്ക് വേണ്ടത്. അതുകൊണ്ട് ഈ അമെന്റ്മെന്റ് പിൻവലിക്കണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്ക് ബഹുമാനപ്പെട്ട നിയമവകുപ്പു മന്ത്രിയോട് നടത്താനുള്ളതെന്ന് അറിയിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

ശ്രീ. എം. കുമാരൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിൽ ഭരണം നടത്തിയ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തെ, കമ്മ്യൂണിസ്റ്റു പാർട്ടിയെ ഈ ലോകം അംഗീകരിക്കുന്നത് കൃഷിഭൂമി കൃഷിക്കാർക്ക് നൽകിയതുകൊണ്ടാണ്. അതുകൊണ്ടുതന്നെയാണ് എല്ലാ രംഗത്തുമുള്ള വികസനം ആഗ്രഹിക്കുന്നത്. എന്നാൽ ഈ ഗവൺമെന്റ് ഇത്തരത്തിലുള്ള ഒരു ബിൽ അവതരിപ്പിച്ചുകൊണ്ട് കൃഷിക്കാരെ, കർഷകരെ, ഭൂമിയുടെ അവകാശികളെ ദ്രോഹിക്കുന്ന, അവരുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന, അവരെ വഞ്ചിക്കുന്ന തരത്തിലുള്ള ഒരു സമീപനമാണ് സ്വീകരിക്കുന്നത്. ഇന്ന് കൃഷിക്കാർക്ക് അവകാശപ്പെട്ടത് ഈ ഭൂമിയാണ്. ഭൂമിയുടെ അവകാശികളെന്നു പറയുന്നത് കൃഷിക്കാരാണ്. അതുകൊണ്ടുതന്നെ അവർക്ക് വേണ്ടുന്ന നിയമം നിർമ്മിക്കുന്നതിനുപകരം കശുമാവ് മുറിച്ചുമാറ്റുക എന്നുള്ള ദൗത്യത്തോടൊപ്പം വാനിലപോലെയുള്ള കൃഷികൾ വച്ചുപിടിപ്പിക്കാനുള്ള ശ്രമവും നടക്കുന്നു. ഉന്നത നിലവാരങ്ങളിൽ ജീവിക്കുന്ന ഒരു പ്രത്യേക വർഗ്ഗക്കാർക്കുവേണ്ടി ഹോട്ടലുകളും റിസോർട്ടുകളും സ്ഥാപിക്കുക എന്നുള്ള ലക്ഷ്യം കൂടി ഇതിനുണ്ട്. ഭൂപരിഷ്ക്കരണ നിയമത്തെ തച്ചുടയ്ക്കുന്ന, തല്ലിയുടയ്ക്കുന്ന, ഇല്ലായ്മ ചെയ്യുന്ന സമീപനവുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഇതിനകത്തു പറയുന്നത് ഈ നിയമം പാസ്സായാൽ കേരളത്തിൽ കശുവണ്ടിയുടെ ഉല്പാദനം വർദ്ധിക്കുമെന്നാണ്. കശുവണ്ടി വ്യവസായമേഖലയിലുണ്ടാകുന്ന പ്രതിസന്ധിക്കുമൊക്കെ പരിഹാരം കാണുമെന്നുള്ള പ്രചരണത്തോടുകൂടിയാണല്ലോ ഇതു കൊണ്ടുവന്നിരിക്കുന്നത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചുചേർത്ത ശില്പശാലയിൽ കേരളത്തിലെ കുടുംബശ്രീയിൽ അംഗങ്ങളായിട്ടുള്ള മുഴുവൻ ആളുകളുടേയും വീടുകളിൽ അത്യുല്പാദന ശേഷിയുള്ള രണ്ട് കശുമാവിൻ തൈകൾ കൊടുത്തുകൊണ്ട് കശുമാവിൻ കൃഷി നടത്തുകയാണെങ്കിൽ കേരളത്തിലെ കശുവണ്ടിയുടെ ഉല്പാദനത്തിലുണ്ടാകുന്ന വർദ്ധനവ് ശ്രീ. പ്രതാപവർമ്മ തമ്പാൻ അവിടെ പറഞ്ഞു. പക്ഷേ ഇവിടെ പറയില്ല. അങ്ങനെ ഒരു പദ്ധതി ആവിഷ്ക്കരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുപകരം അങ്ങനെയൊരു പ്രചരണം കൊടുത്തുകൊണ്ട് ഈ ബിൽ കൊണ്ടുവരുന്നത് ഈ കശുവണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനല്ല, അത് അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ, അതല്ലേ ആവശ്യം, ഇതിന്റെ ആവശ്യം വേറെയല്ലേ?

ശ്രീ. എം. കുമാരൻ: അതൊക്കെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കശുമാവ് എന്നുപറയുന്നത് വലിയൊരു മരം മാത്രമാണ്. ഈ കശുമാവിന്റെ പേരുപറയുക മാത്രമേ ചെയ്യുന്നുള്ളൂ. യഥാർത്ഥത്തിൽ ഇത് ഭൂമി തട്ടിപ്പ് നടത്താനുള്ള ഒരു തയ്യാറെടുപ്പിന്റെ ആലോചനകൂടിയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കശുവണ്ടി പരിപ്പിനോട് താത്പര്യം എല്ലാവർക്കുമുള്ളതാണ്. കഴിഞ്ഞ നാലുവർഷമായി യു.ഡി.എഫ്. ഗവൺമെന്റ് ഇവിടെ കൊണ്ടുവന്ന ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലായാലും ബഡ്ജറ്റ് പ്രസംഗത്തിലായാലും കൃഷിവകുപ്പു മന്ത്രിയുടെ ചില പ്രഖ്യാപനങ്ങളിലുമൊക്കെയായി കശുമാവ് വച്ചുപിടിപ്പിച്ച് പിടിപ്പിച്ച് നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ കശുവണ്ടി കേരളത്തിൽ നിന്നും കയറ്റുമതി ചെയ്യുകയാണ് എന്നുള്ള വിവരം ശ്രീ. എം. കുമാരന് അറിയാമോ?

ശ്രീ. എം. കുമാരൻ: കശുവണ്ടിത്തൊഴിലാളികളെ പ്രോത്സാഹിപ്പിക്കാനാണ് പറയുന്നതെങ്കിൽ കൊല്ലം ജില്ലയിലും അതുപോലെ കേരളത്തിന്റെ മിക്ക മേഖലകളിലും കശുവണ്ടി വ്യവസായ തൊഴിലാളികൾക്ക് കൊടുക്കാനുള്ള സാമ്പത്തിക ബാധ്യതപോലും കൊടുക്കാത്ത ഒരവസ്ഥയുണ്ട്. അവർക്ക് കൊടുക്കാനുള്ള ക്ഷേമനിധി കൊടുക്കാതിരിക്കുന്നുണ്ട്. അവർക്ക് ജോലിപോലും ഇല്ലാത്ത അവസ്ഥയുണ്ട്. അവരെ പ്രോത്സാഹിപ്പിക്കാനും അവരോട് മാനസികമായി ഒരു നല്ലവാക്ക് പറയാനുമാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നതെങ്കിൽ അവർക്ക് കൊടുക്കാനുള്ള ക്ഷേമനിധികളുൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും കൊടുക്കട്ടെ. അതുപോലെതന്നെ കാർഷിക മേഖലയിൽ കൃഷിഭൂമി കൃഷിക്കാരന് നൽകുന്നതിന് പകരം, അതിൽ നിന്നും വ്യത്യസ്തമായിട്ടുള്ള നിലപാടാണ് സ്വീകരിക്കുന്നത്. ആ സ്ഥിതിയിൽ മാറ്റം വരുത്താൻ വേണ്ടിയാണ് ഈ ഗവൺമെന്റ് ശ്രമിക്കേണ്ടത്. കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

കൃഷിഭൂമിയെക്കുറിച്ച് ഒരു വാക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇപ്പോൾ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അഞ്ച് ഏക്കർ ഭൂമി കൊടുക്കുമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ കേരളത്തിൽ ഇതുവരെയായിട്ടും അത് കൊടുത്തിട്ടില്ല. മറ്റൊരു കാര്യംകൂടി ഞാൻ പറഞ്ഞോട്ടെ, എത്രയോ കുടുംബങ്ങൾ കേരളത്തിന്റെ വടക്കൻ മേഖലകളിലും മലയോര പ്രദേശങ്ങളിലും പത്തും മുപ്പതും നാല്പതും വർഷമായി താമസിക്കുന്ന ആളുകളുണ്ട്. അവർക്ക് പട്ടയം നൽകിയിട്ടില്ല. ഈ സ്ഥലം ഞങ്ങളുടേതാണെന്ന് പറയാൻ, ഈ ഭൂമിയുടെ അവകാശികൾ ഞങ്ങളാണെന്ന് പറയാൻപോലും അവകാശമില്ലാത്ത ഒരുപാട് കുടുംബങ്ങൾ ഉണ്ട്. അവർക്ക് കൈവശരേഖ നൽകണം. അതോടൊപ്പംതന്നെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് ഒരു കാര്യം ഇവിടെ സൂചിപ്പിച്ചു. എല്ലാ കുടുംബത്തിനും കൃഷിഭൂമി അവരുടെ അവകാശമാണെന്ന കൈവശരേഖ കൊടുക്കാമെന്ന് പറഞ്ഞ ഗവൺമെന്റ് കേരളത്തിലെ എല്ലാ തരത്തിലുംപെട്ട, പത്തുനാല്പതു വർഷമായി താമസിക്കുന്ന കുടുംബങ്ങൾക്ക് കൃഷിഭൂമി കൊടുക്കാൻ തയ്യാറാകാത്ത ഗവൺമെന്റാണ്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്. അതോടൊപ്പംതന്നെ കൃഷിഭൂമി കൃഷിക്കാരന് നൽകുന്ന വ്യവസ്ഥിതിയിൽ നിന്നും വ്യതിചലിക്കുന്ന ഈ ഗവൺമെന്റ് കൊണ്ടുവന്ന ഈ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, ഈ ബില്ലിന്റെ ഉദ്ദേശ്യ കാര്യങ്ങളിലേക്ക് ആരും കടന്നില്ല. ഈ ബിൽ മിച്ചഭൂമി ഇല്ലാതാക്കാനുള്ളതല്ല. ഉള്ള മിച്ചഭൂമി മുഴുവനും സർക്കാർ

12.00 NOON] എടുത്തുകഴിഞ്ഞു. ഈ ബിൽ സർക്കാർ മിച്ചഭൂമി എടുത്തിരിക്കുന്നതിനെ ഒരിക്കലും ബാധിക്കുന്നതല്ല. ഡിസ്ട്രിബ്യൂട്ട് ചെയ്തതിനെ ബാധിക്കുന്നതല്ല. സർക്കാരിന്റെ കയ്യിലിരിക്കുന്ന മിച്ചഭൂമിയെ ബാധിക്കുന്നതല്ല. Prospective ആയിട്ട് ഈ ബിൽ പാസ്സാക്കുക. Prospective ആയിട്ടു പാസ്സാക്കുമ്പോൾ കശുമാവു കൃഷിക്കുവേണ്ടി, ഇതുപോലെത്തന്നെ principally used for കശുമാവ്. കശുമാവ് കൃഷി നടത്തുന്ന ഡ്രൈ ലാന്റിനെ സംബന്ധിച്ചിടത്തോളം, കാർഷിക പരിഷ്ക്കാര നിയമത്തിൽ നിന്നും exemption കൊടുക്കുന്നു എന്നു മാത്രമേയുള്ളൂ. ഒരു തെറ്റിദ്ധാരണയും വേണ്ട. ഇതു സംസ്ഥാനത്തെ മുഴുവൻ മിച്ചഭൂമി ഇല്ലാതാക്കാനല്ല. രണ്ടാമത്തെ purpose എന്നു പറയുന്നത് ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രനുമൊക്കെ അറിയാമല്ലോ? നമ്മുടെ ചെങ്ങറ സുരേന്ദ്രൻ, തിരുവനന്തപുരത്ത് നിരാഹാരം കിടന്നു, അടൂർ സി.പി.ഐ.(എം.പി.), എന്തു പറഞ്ഞുകൊണ്ടാണ് കിടന്നത്? കശുവണ്ടിത്തൊഴിലാളികൾക്കു ജോലി വേണമെന്നു പറഞ്ഞുകൊണ്ട്. അവർക്ക് ജോലിയില്ല. എന്തുകൊണ്ട് ജോലിയില്ല? കശുവണ്ടിയില്ല. അതുകൊണ്ട് കശുവണ്ടിക്കൃഷി വ്യാപകമാക്കാൻ, വാണിജ്യാടിസ്ഥാനത്തിൽ കശുവണ്ടിക്കൃഷി വ്യാപകമാക്കുന്നതിനുവേണ്ടി അതിനെ exempt ചെയ്തെങ്കിലേ ഒക്കുകയുള്ളൂ. പക്ഷേ ഇപ്പോൾ തന്നെ exemption-നു വകുപ്പുണ്ട്. ഇപ്പോൾ കാർഷിക പരിഷ്ക്കരണ നിയമം 81(3) അനുസരിച്ച് ഏതു non-plantation area-ൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

exempt ചെയ്യാം. ഏതു ഭൂമിയും കൊമേഴ്സ്യൽ പർപ്പസ്സിനു exempt ചെയ്യാം. അത് ഇപ്പോൾ തന്നെയുണ്ട്. ഇപ്പോൾ വന്നിരിക്കുന്നത്, ഈ പ്ളാന്റേഷനിൽ ത്തന്നെ വേറൊരു exemption കൊടുക്കുകയാണ്. അഞ്ചു ശതമാനം. ആ അഞ്ചു ശതമാനം കൊടുക്കുന്നത് ഏതിനാണെന്നോ? ഇന്ത്യൻ പ്രസിഡന്റ് നിയമസഭയിൽ പ്രഖ്യാപിച്ച പത്തിന മിഷനിൽ ഉണ്ട്. ഇന്ത്യൻ പ്രസിഡന്റ് നമ്മുടെ നിയമസഭയിൽ പ്രഖ്യാപിച്ച 10 മിഷനിൽ ഒരു മിഷൻ എന്നു പറയുന്നത് ടൂറിസമാണ്. വേറൊരു മിഷനെന്നു പറയുന്നത് ആയുർവ്വേദ മരുന്നൊക്കെയാണ്. ഇതിനകത്തു പറഞ്ഞിരിക്കുന്നത്, പ്ളാന്റേഷനകത്തുതന്നെ 5 ശതമാനം സ്ഥലം വേണമെന്നുണ്ടെങ്കിൽ ഹോർട്ടിക്കൾച്ചറായി, ആയുർവ്വേദ കൃഷിക്കായി, വാനിലക്കൃഷിക്കായി, ഹോട്ടലായി, റിസോർട്ടായി ഉപയോഗിക്കുന്നുവെങ്കിൽ, ഒരു പ്ളാന്റേഷനായി exempted ആയി നിൽക്കുന്ന സ്ഥലത്തുതന്നെ അഞ്ചു ശതമാനം വേണമെങ്കിൽ other purpose-നുവേണ്ടി ഉപയോഗിക്കാം എന്നാണ്. അതൊന്നും സംസ്ഥാനത്ത് മിച്ചഭൂമി നഷ്ടപ്പെടുത്തുന്നില്ല. ഈ നടപടികൾ കൊണ്ട് മിച്ചഭൂമി ഒരിഞ്ചുപോലും നഷ്ടപ്പെടുന്നില്ല. ഇതിന്റെ ഫലമായി നമുക്ക് വാണിജ്യാടിസ്ഥാനത്തിൽ കൂടുതൽ കൃഷി നടത്താൻ കഴിയുന്നു. ഇന്ത്യൻ പ്രസിഡന്റ് സൂചിപ്പിച്ചതുപോലെ നമുക്ക് ടൂറിസം ഡെവലപ് ചെയ്യാൻ കഴിയുന്നു. ഇത് അതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ളതാണ്.

മി. സ്പീക്കർ: ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. എം. കുമാരൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. കുമാരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എം. കുമാരൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2-ാം വകുപ്പ്

Sri K. P. Rajendran: Sir, I move the following amendments:

(86) Delete clause 2 (a)

(108) Delete clause 2 (b)

Sri M. Prakasan Master: Sir, I move the following amendment:

(87) Section 81 (1) (f) of the principal Act proposed to be inserted by clause 2(a) for the words "cashew estate" substitute the following words:-

"cashew estate existing at the commencement of this Act and having a continuous extent of ten acres or more".

Sri K. P. Mohanan: Sir, I move the following amendments:

(96) In the Explanation to section 81(1) (f) of the principal Act proposed to be inserted by clause 2(a) for "dry land" substitute the words "any land".

(99) In the Explanation to section 81(1) (f) of the principal Act proposed to be inserted by clause 2(a) for "150 cashew trees" substitute "125 cashew trees".

Sri A. K. Moni: Sir, I move the following amendments:

(111) In Section 81(4) of the principal Act proposed to be inserted by clause 2(b), after the word "may" and before the word "use" add the following words "with the previous permission of the District Collector".

(121) In Section 81(4) of the principal Act proposed to be amended by clause 2(b), following new sub sections shall be inserted, namely:-

"(5) When a petition for using the land referred to in sub-section (4) for the purposes mentioned therein is presented to the District Collector he shall give permission thereto within ten days from the date of receipt of the petition and if permission is not given within the aforesaid period permission shall be deemed to have been given for the purpose.

(6) Where land is to be used for the purpose or purposes referred to in sub-section (4), the lands ancillary to plantation shall be used first and thereafter lands interspersed within the plantation shall be used and then only planted lands shall be used".

Smt. Girija Surendran: Sir, I move the following amendments:

(112) In Section 81(4) of the principal Act proposed to be inserted by clause 2(b), for the word "five per cent" substitute the words "a quarter per cent".

GPM. 2/611/2012—26

LIBRARY ARCHIVES Kerala Legislative Assembly

(115) In Section 81(4) of the principal Act proposed to be inserted by clause 2(b) the words "five per cent" shall be substituted by the words "one and a half per cent".

(120) In Section 81(4) of the principal Act proposed to be inserted by clause 2(b), for the "hotels or resorts or other tourism projects" substitute "poor homes or old age homes or orphanages".

ഈ ഭേദഗതിയിലൂടെ എസ്റ്റേറ്റ് ഉടമകൾക്ക് ഇപ്പോൾ ഉള്ളതിന്റെ അഞ്ചു ശതമാനം ഏരിയ വാനിലക്കൃഷിക്കും ടൂറിസം, ഹോട്ടൽ എന്നിവയ്ക്കും വിട്ടുകൊടുക്കുകയാണെങ്കിൽ, ഇത് കേരളത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് നാന്ദികുറിച്ചിട്ടുള്ള, ഭൂപരിഷ്ക്കരണനിയമത്തെ defeat ചെയ്യാൻ ഉദ്ദേശിച്ചുള്ളതാകും. ഇന്ത്യയ്ക്ക് മുഴുവൻ മാതൃകയായ ഭൂപരിഷ്കരണ നിയമത്തിന്റെ നഗ്നമായ ലംഘനമാണിത്. അതുകൊണ്ട് ഇതു നടപ്പിലായിക്കഴിഞ്ഞാൽ ഏറ്റവും വലിയ ബുദ്ധിമുട്ടാണ് ഉണ്ടാകാൻ പോകുന്നത്. ഞാൻ ഇതിനെ ശക്തിയായി എതിർക്കുകയാണ്.

Sri V. K. C. Mammed Koya: Sir, I move the following amendments:

(113) In Section 81(4) of the principal Act proposed to be inserted by clause 2(b), thc words "five per cent" shall be substituted by the words "half per ccnt".

(114) In Section 81(4) of the principal Act proposed to be inserted by clause 2(b), for the words "five per cent" substitute the words "one per cent".

(117) In Section 81(4) of the principal Act proposed to be inserted by clause 2(b), for the words "for floriculture or for the cultivation of Vanila or medicinal plants or other agricultural crops or for establishing botels or resorts or other tourism projects" substitute the words "for aforestation and for cultivation of endemic and endangered tree species of Kerala".

(119) In Section 81(4) of the principal Act proposed to be inserted by clause 2(b), deletc the words "or for establishing hotels or resorts or other tourism projects".

ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിക്കു പുറത്തു കൊടുത്തതാണ് കശുമാവ്. കശുമാവുള്ള സഥലങ്ങളിൽ അതു മാറ്റിയെടുക്കുന്നതിനുവേണ്ടി, ഭൂവുടമകളെ സഹായിക്കുന്നതിനുവേണ്ടിയുള്ള നിയമമാണ്. അതുകൊണ്ട് അത് അംഗീകരിച്ചുകൂടാ.

Sri Binoy Viswam: Sir, I move the following amendment:

LIBRARY ARCHIVES Kerala Legislative Assembly

(118) In Section 81 (4) of the principal Act proposed to be inserted by clause 2(b) after the words "or other agricultural crops" delete the words "or for establishing hotels or resorts or other tourism projects and for purposes ancillary or connected therewith". ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് കശുവണ്ടിത്തൊഴിലാളികൾക്കുവേണ്ടിയുള്ള നിയമമാണെന്നാണ്. സത്യാഗ്രഹത്തെപ്പറ്റിയൊക്കെ പറഞ്ഞു. കശുവണ്ടിയെപ്പറ്റി പറഞ്ഞുകൊണ്ട്, അവരെ സഹായിക്കാനെന്ന വ്യാജേന, ശരിക്കും പറഞ്ഞാൽ കാർഷിക ഭൂപരിഷ്കരണ നിയമത്തിന്റെ ചങ്കും കരളും പറിക്കാൻവേണ്ടിയുള്ള ബില്ലാണിത്. ഇതിനെ എതിർക്കാനേ പറ്റൂ.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ഇത് കാർഷിക പരിഷ്കരണനിയമത്തെ തുരങ്കം വയ്ക്കുന്നു എന്നു പറഞ്ഞു. എവിടെ തുരങ്കം വയ്ക്കുന്നു, എവിടെ വെടി വയ്ക്കുന്നു. എവിടെ തകർക്കുന്നു? വെറുതെ ഒരു മൂടുപടമുണ്ടാക്കുകയാണ്. ഇത് നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കാവശ്യമാണ്. ഇത് ഇന്ത്യൻ പ്രസിഡന്റിന്റെ മിഷനിൽപ്പെട്ടതാണ്. വളരെ ദീർഘവീക്ഷണത്തോടുകൂടി ഗവൺമെന്റ് കൊണ്ടുവന്ന ബില്ലാണ്. ലാന്റ് റിഫോംസ് കമ്മീഷനെ ഗവൺമെന്റ് നിയമിച്ചു. ആ ലാന്റ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കൊണ്ടുവന്നിരിക്കുന്ന നിയമമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങിപ്പോൾ പറഞ്ഞതിൽ ഭൂപരിധി നമ്മുടെ സംസ്ഥാനത്ത് നിശ്ചയിച്ചിട്ടുണ്ട്. ആ ഭൂപരിധിയെ തോൽപ്പിക്കാനല്ലേ ഇതുപ്രകാരം സാധിക്കൂ. കുറെ ഏക്കർ ഭൂമി വാങ്ങി അവിടെ കശുമാവ് വച്ചാൽ മതി. അത്തരത്തിൽ ഭൂപരിധിയെ തോൽപ്പിക്കുന്നതിന് ഇത് ഇടയാക്കില്ലേ?

ശ്രീ. കെ. എം. മാണി: റബ്ബർ, കാപ്പി, തേയില, ഏലം, സിനമൺ ഇതൊക്കെ ഇഷ്ടംപോലെ ഇപ്പോൾത്തന്നെ കൃഷി ചെയ്യാം. അത് ഭൂപരിധിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. പ്ലാന്റേഷനിലും ഇതുപോലെ ഒരു വ്യവസ്ഥയുണ്ട്. 81(3)-ൽ ഗവൺമെന്റിനു രാജ്യതാൽപ്പര്യം പ്രമാണിച്ച്, കൃഷി താൽപ്പര്യം പ്രമാണിച്ച് വേണമെങ്കിൽ ഏതു ഭൂമിയും exempt ചെയ്യാം എന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കൃഷി വാണിജ്യാടിസ്ഥാനത്തിൽ വിപുലപ്പെടുത്തുന്നതിനുവേണ്ടി ഇതുംകൂടി നമ്മൾ exempt ചെയ്തു കൊടുക്കുകയാണ്. വേറൊരു നിലയിൽ exemption കൊടുക്കുന്നു എന്നു മാത്രമേയുള്ളൂ. ഇതുകൊണ്ട് മിച്ചഭൂമിയൊന്നും പോകുന്നില്ല. ഇതിനൊരു കുഴപ്പവുമില്ല.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 86, 108 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 87-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 99-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. മണി അവതരിപ്പിച്ച 111, 121 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 112, 115, 120 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 113, 114, 117, 119 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

Sri Thomas Unniyadan: Sir, I move the following amendment:

(123) In Section 82 of the principal Act proposed to be amended by clause 3, for the words "dry land" the words "any kind of land" shall be substituted.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന മാറ്റത്തോടുകൂടി സ്വീകരിക്കുകയാണ്. In section 82 of the Principal Act proposed by clause 3, for the words "dry land" the words "any land" shall be substituted any kind of land എന്നതിനുപകരം any land എന്ന് മോഡിഫൈ ചെയ്ത് സ്വീകരിക്കാം.

മി. സ്പീക്കർ: ഭേദഗതി ചെയ്തപ്രകാരമുള്ള ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും

Sri Thomas Unniyadan: Sir, I move the following amendment:

(77) In clause 1(1) for the words "Second Amendment" the words "Third Amendment" shall be substituted.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ഭേദഗതി സ്വീകാര്യമല്ല. അവസാനമായി ഈ ബിൽ പാസ്സാക്കി തരണമെന്ന് ആവശ്യപ്പെടുന്നു. ഇതിൽ വേറെ പ്രശ്നങ്ങൾ ഒന്നുമില്ല. ഇതു വളരെ നല്ല ഒരു ബില്ലാണ്. പാസ്സാക്കിയിട്ടുള്ളതിൽവച്ച് ഏറ്റവും നല്ല ബില്ലാണ്.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 77-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 2004-ലെ കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്യുതാനന്ദൻ):* സർ, ശ്രീ. കെ. എം. മാണിയുടെയും അതുപോലുള്ള കോൺഗ്രസ് നേതാക്കൻമാരുടെയും ഭൂവുടമകളെ സഹായിക്കാനുള്ള വ്യഗ്രതയോടുകൂടിയുള്ള വിമോചന സമരത്തെത്തുടർന്ന് 1957-ലെ ഭൂപരിഷ്കരണ നിയമം കൊണ്ടുവന്ന ഇടതുപക്ഷ ഗവൺമെന്റിനെ, ഇ.എം.എസ്. ഗവൺമെന്റിനെ ഡിസ്മിസ് ചെയ്തതിനുശേഷം പിന്നീട് അധികാരത്തിൽവന്ന യു.ഡി.എഫ്. ഗവൺമെന്റിൽ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന പി. ടി. ചാക്കോ 1963-ൽ അവതരിപ്പിച്ച അന്നത്തെ ഭൂപരിഷ്കരണ നിയമത്തിനുള്ള ഭേദഗതി പിന്നീട് 1967-ൽ വന്ന ഇ. എം. എസ്. ഗവൺമെന്റ് റദ്ദ് ചെയ്യുകയുണ്ടായി. ആ റദ്ദാക്കൽ നടപടിവഴി നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് ഹരിജനങ്ങൾക്ക് ഗിരിജനങ്ങൾക്ക് പിന്നോക്കക്കാരായിട്ടുള്ള ഭൂരഹിതരായിട്ടുള്ള വർക്കെല്ലാംതന്നെ ഭൂമി നൽകുന്നതിനുവേണ്ടി ഉപകാരപ്പെട്ടത് ഭൂമിക്ക് പരിധിവച്ച് അത് ഏറ്റെടുത്തതുകൊണ്ടാണ്. വൻകിട ഭൂമി ഉടമസ്ഥൻമാരായ മമ്മൊമ്പ് സ്വാമിക്കും ചിത്തിര തമ്പുരാനുമൊക്കെ പതിനായിരക്കണക്കിന് ഏക്കർ ഭൂമിയുണ്ടായിരുന്നത് ഒരു പരിധിവച്ച് ഗവൺമെന്റിലേക്ക് ശേഖരിച്ചെടുത്താണ് കേറിക്കിടക്കാൻ ആറടി മണ്ണിന്റെ ഉടമസ്ഥാവകാശം പോലുമില്ലാത്ത പാവപ്പെട്ടവർക്ക് ഭൂമി നൽകാനിടയായത്. 1963-ൽ പി. ടി. ചാക്കോ കൊണ്ടുവന്ന ദ്രോഹകരമായ ഭേദഗതി മാറ്റി 1967-ൽ ശരിയായിട്ടുള്ള നിലയിൽ മിച്ചഭൂമി

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള നടപടികളെ ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്തി ഇന്ന് കേരളത്തെ പൂർണ്ണമായും സംരക്ഷിക്കപ്പെട്ടിരിക്കുകയാണ്. ആ സംരക്ഷണത്തെ ലംഘിച്ച് അതിൽനിന്നും ഭൂമി ചോർത്തിയെടുക്കാനാണ് അന്നത്തെ പി. ടി. ചാക്കോയുടെ ശിഷ്യൻമാരായ കേരളാ കോൺഗ്രസ് മാണി എന്ന പേരിൽ രൂപീകരിച്ചിരിക്കുന്ന ഈ സംഘടന ശ്രമിക്കുന്നത്. പി. ടി. ചാക്കോയുടെ ഏറ്റവും സത്യസന്ധനായ അനുയായികളാണെന്ന് തെളിയിക്കത്തക്കവിധത്തിൽ അദ്ദേഹം സ്വീകരിച്ച അതേ സമീപനം സ്വീകരിച്ചുകൊണ്ട് അസംബ്ളിയിൽ ഇതിനുമുൻപും ഒട്ടേറെ ഭേദഗതി നിയമങ്ങൾ മിസ്റ്റർ മാണിയുടെ നേതൃത്വത്തിൽ കൊണ്ടുവന്നിട്ടുണ്ട്. പത്തേക്കർ വരെയുള്ളവർക്കെല്ലാംതന്നെ മിച്ചഭൂമിയായി കിടക്കുന്നത് എടുക്കാവുന്ന തരത്തിലുള്ള ഭേദഗതി നിയമം കൊണ്ടുവന്നു. അതുപോലെതന്നെ തടിവെട്ടിയെടുക്കാൻ ഇവിടെതന്നെ പ്രഖ്യാപിതമായി ഇന്നയിന്നവൃക്ഷങ്ങൾ വെട്ടാവുന്നത് എന്നുള്ള രീതിയിൽ ഭേദഗതി കൊണ്ടുവന്നു. നമ്മുടെ നാട്ടിൽ അവസാനമായിട്ട് 47,000 ഏക്കർ മിച്ചഭൂമിയുണ്ടായിരുന്നതുകൂടി ഇല്ലായ്മ ചെയ്യാൻ സഹായകരമായിട്ടുള്ള ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഇത് ഭരണഘടനയുടെ ഒൻപതാം ഷെഡ്യൂളിൽപ്പെട്ടിരിക്കുന്ന യഥാർത്ഥത്തിലുള്ള ഭൂപരിഷ്കരണ നിയമത്തെ യാതൊരു തരത്തിലും ബാധിക്കുന്നതല്ല. കാരണം, കേസിന് പോകാം. കേസിന് പോകാമെങ്കിലും ഇപ്പോൾ കൊണ്ടു വന്നിരിക്കുന്ന ഈ ബില്ലിന്റെ ഉദ്ദേശം possession പലരുടെയും കൈകളിലാക്കിക്കൊടുക്കുകയെന്നുള്ളതും അതിനുവേണ്ടി വല്ല പ്രതിഫലവും കിട്ടുമെങ്കിൽ വാങ്ങുകയെന്നുള്ളതുമാണ്, എന്നാൽ litigation നടത്തി കേസ് പറഞ്ഞാൽ മാത്രമേ ഈ അവകാശികളായിട്ടുള്ള ആളുകൾക്ക് അത് തിരിച്ചുകൊടുക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ ഇപ്പോഴത്തെ ഗവൺമെന്റും അതിലെ റവന്യൂ വകുപ്പുമന്ത്രിയായിരിക്കുന്ന മിസ്റ്റർ മാണിയും കൊണ്ടുവന്നിരിക്കുന്ന നിയമത്തിനെതിരായി വീണ്ടും നിയമം കൊണ്ടുവന്ന് ഈ നാട്ടിലെ പാവപ്പെട്ടവരെ രക്ഷിക്കാൻ സാഹചര്യമുണ്ടായാൽ മാത്രമേ ഇവരെ രക്ഷിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അത്യന്തം ദ്രോഹകരമായിട്ടുള്ള ഈ ഭേദഗതി നിയമം യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. കേരളാ കോൺഗ്രസ് മാണിയുടെ പാർട്ടിയുടെതന്നെ പാവപ്പെട്ടവരായ കൃഷിക്കാരുണ്ടെങ്കിൽ, ഭൂരഹിതരായിട്ടുള്ള കൃഷിക്കാരുണ്ടെങ്കിൽ, ഹരിജനങ്ങളുണ്ടെങ്കിൽ ഇവരെല്ലാം ചതിക്കപ്പെടുന്നതിനിടയാക്കുന്ന ഒരു നിയമമാണിത്. ഇത് യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഇതിനെ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ ഇതിനെ ശക്തമായി എതിർക്കുകയാണ്. കേരളത്തെ ഏറ്റവും പ്രശസ്തിയിലേക്ക് പിടിച്ചുയർത്തിയത് കേരളത്തിലെ ഭൂപരിഷ്കരണ നിയമമാണ്. കേരളത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വഹിച്ച പങ്കിനെപ്പറ്റി പ്രസിഡന്റ് പോലും ഇവിടെ കോട്ട് ചെയ്തില്ലേ? ആ ഭൂപരിഷ്കരണ നിയമത്തെ അട്ടിമറിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ചെറിയ ഭേദഗതിയെന്ന പേരിൽ കൊണ്ടുവന്ന ഈ ഭേദഗതി നിയമത്തെ ഒരു കാരണവശാലും നമ്മൾ അംഗീകരിക്കുകയില്ല. ഇത് പാസ്സാക്കിയാലും കേരളത്തിൽ ഇത് നടപ്പാക്കാൻ കഴിയാത്ത വിധത്തിൽ അതിശക്തമായ പ്രക്ഷോഭം ഈ രാജ്യത്ത് വളർന്നുവരും. ഞാൻ ഒരുകാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. 1963-ൽ ഭേദഗതികൊണ്ടുവന്ന് ഭൂപരിഷ്കരണ നിയമത്തെ അട്ടിമറിക്കാൻ ശ്രമിച്ച ഘട്ടത്തിൽ അന്ന് ശ്രീമതി കെ. ആർ. ഗൗരിയമ്മ ആ ബില്ലിന്റെ നിയമനിർമ്മാണത്തിൽ മുഖ്യ പങ്ക് വഹിച്ച ഒരു വ്യക്തിയാണ്. അന്നുണ്ടായിരുന്ന ആദരണീയരായ പല കമ്മ്യൂണിസ്റ്റ് നേതാക്കൻമാരും ഇന്ന് നമ്മോടൊപ്പമില്ല. ഗോപാലകൃഷ്ണൻ നായരും സി. എച്ച്. കണാരനുമുൾപ്പെടെയുള്ള നേതാക്കൻമാരാരുംതന്നെ ജീവിച്ചിരിപ്പില്ല. ശ്രീമതി ഗൗരിയമ്മ മാത്രമാണ് അന്ന് ആ സബ് കമ്മിറ്റിയിൽ അംഗമായിരുന്ന ഒരേയൊരു വ്യക്തി. ആ നിയമനിർമ്മാണത്തിനുവേണ്ടി അവർ എത്രയോ ദിവസങ്ങൾ ചെലവഴിച്ചതാണ്. ഗൗരിയമ്മ അന്ന് പ്രസംഗിച്ച പ്രസംഗത്തിൽ പറയുന്നുണ്ട്, സമ്പന്നൻമാരെയും വലിയ പണക്കാരെയും ഭൂവുടമകളെയും സഹായിക്കാൻ വേണ്ടിയാണ് ഇത്തരം ഭേദഗതികൾ കൊണ്ടുവന്നതെന്ന്. അന്ന് ഇതുപോലുള്ള ഭേദഗതികൾ കൊണ്ടുവന്നപ്പോൾ എതിർത്ത ഗൗരിയമ്മ ഇതിൽ പ്രതിഷേധിച്ചുകൊണ്ടു തന്നെയായിരിക്കണം ഈ നിയമനിർമ്മാണം നടത്തുന്ന സമയത്ത് ഈ സഭയിൽ ഇല്ലാത്തത്. ഇതിനെ ഞങ്ങൾ ശക്തമായി എതിർക്കുകയാണ്. ഇതിനെ ചെറുത്ത് പരാജയപ്പെടുത്താനുള്ള എല്ലാ നടപടികളും നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് ഒന്നുകൂടി അറിയിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, ബഹുമാനപ്പെട്ട ഗൗരിയമ്മകൂടിയുള്ള ക്യാബിനറ്റ് അംഗീകരിച്ച ബില്ലാണിത്. ഒന്നുകിൽ ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. കെ. പി. രാജേന്ദ്രനും ചരിത്രം മറച്ചുവയ്ക്കുന്നു, വളച്ചൊടിക്കുന്നു. ഇവിടത്തെ കാർഷിക പരിഷ്കരണ നിയമത്തിന്റെ monopoly-യൊക്കെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്കാണോ? ഭൂമിക്ക് പരിധി നിശ്ചയിച്ച് ആദ്യത്തെ നിയമനിർമ്മാണം കൊണ്ടുവന്നത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള 1964-ലെ ഗവൺമെന്റാണ്. ഇ.എം.എസ്. ഗവൺമെന്റ് 1957-ൽ കൊണ്ടുവന്നത് Agrarian Relations നിയമമാണ്. ജൻമികുടിയാൻ ബന്ധങ്ങളെ സംബന്ധിച്ചുള്ള നിയമങ്ങളാണ്. കുടിയാൻമാർക്ക് സ്ഥിരാവകാശം കൊടുത്തു. അത് നല്ല കാര്യമാണ്. പക്ഷേ, അത് സമഗ്രമായ ഒരു നിയമനിർമ്മാണമായിരുന്നില്ല. കാർഷിക പരിഷ്കരണ നിയമം സമഗ്രമായിരുന്നില്ല. ഭൂമിക്ക് പരിധി നിശ്ചയിച്ചിരുന്നില്ല. ഇവിടെപ്പറഞ്ഞ മങ്കൊമ്പിൽ സ്വാമിയുടെയും ചിത്തിരതമ്പുരാന്റെയുമൊക്കെ ഭൂമിക്ക് പരിധി നിശ്ചയിച്ചുകൊണ്ടുള്ള നിയമം കൊണ്ടുവന്നത് 1-1-1964-ൽ നടപ്പിലായ 1963-ൽ പാസ്സാക്കിയ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പാസ്സാക്കിയ നിയമനിർമ്മാണമാണ്. അതുകഴിഞ്ഞ് ശ്രീമതി ഗൗരിയമ്മ അതിൻമേൽ 1969-ൽ അമെന്റ്മെന്റ് കൊണ്ടുവന്നു. അന്ന് നമ്മളൊക്കെ നിയമസഭയിലിരുന്ന് ഈ ബില്ലിന്റെ ചർച്ചയിൽ പാർട്ടിസിപ്പേറ്റ് ചെയ്തവരാണ്. കാർഷിക ഭൂപരിഷ്കരണ

LIBRARY ARCHIVES Kerala Legislative Assembly

നിയമം. കമ്മ്യൂണിസ്റ്റ് പാർട്ടി കൊണ്ടുവന്നതല്ല, മിച്ചഭൂമി ആദ്യമായി പിടിച്ചെടുത്തത് കോൺഗ്രസ് ഗവൺമെന്റാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കോൺഗ്രസ്സാണ് ഇങ്ങനെയൊരു നിയമം കൊണ്ടുവന്നതെങ്കിൽ കമ്മ്യൂണിസ്റ്റുകാരുള്ള കേരളത്തിലും ബംഗാളിലും ത്രിപുരയിലും മാത്രമല്ലേ ഭൂപരിഷ്കരണ നിയമം നടപ്പിലായിട്ടുള്ളൂ. മറ്റേതെങ്കിലും സ്റ്റേറ്റുകളിൽ നടപ്പിലായിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: ഇത് അരിയെത്രയെന്ന് ചോദിക്കുമ്പോൾ പയർ അഞ്ഞാഴിയെന്ന് പറയുന്നതുപോലെയാണ്. ഞാൻ പറയുന്നത് കേരളത്തിൽ ഭൂമിക്ക് പരിധി നിശ്ചയിച്ചുകൊണ്ട്, surplus land പിടിച്ചെടുക്കാൻ വേണ്ടിയുള്ള നിയമം കൊണ്ടുവന്നത് മാർക്സിസ്റ്റ് പാർട്ടിയല്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള 1964-ലെ ഗവൺമെന്റാണെന്നാണ്. .....(ബഹളം)..... അതുകൊണ്ട് അതിനെപ്പറ്റിയൊന്നും പറയണ്ട.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: പി. ടി. ചാക്കോയുടെ ഉത്തമനായ അനുയായി ഇങ്ങനെ പറഞ്ഞില്ലെങ്കിലേ അത്ഭുതമുള്ളൂ.

ശ്രീ. കെ. എം. മാണി: ചരിത്രമൊന്നും വളച്ചൊടിക്കരുത്. ഈ രാജ്യത്തെ മിച്ചഭൂമി മുഴുവൻ പിടിച്ചെടുക്കണമെന്നും അത് വിതരണം ചെയ്യണമെന്നുമുള്ള നിലപാടാണ് ഗവൺമെന്റിന്റേത്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അതിൽനിന്നും പുറകോട്ടുപോയിട്ടില്ല. ഈ നിയമനിർമ്മാണമെന്നു പറയുന്നത് ഇതിനെ ഡിഫീറ്റ് ചെയ്യാനല്ല. ഈ നിയമനിർമ്മാണം നമ്മുടെ രാജ്യത്തിന്റെ കാർഷിക പുരോഗതിക്കുവേണ്ടിയാണ്. ഇൻഡ്യൻ പ്രസിഡന്റ് കഴിഞ്ഞ ആഴ്ച നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽ അവതരിപ്പിച്ച പത്ത് മിഷൻസിൽ രണ്ട് മിഷൻസ് പൂർത്തിയാക്കാൻവേണ്ടിയുള്ള നിയമനിർമ്മാണമാണിത്.

ശ്രീ. കെ. സി. ജോസഫ്: ഇൻഡ്യയിൽ ആദ്യമായി കർഷകത്തൊഴിലാളിക്ഷേമം നടപ്പിലാക്കിയത് ശ്രീ. വക്കം പുരുഷോത്തമൻ മന്ത്രിയായിരുന്ന കാലത്താണ് എന്നുള്ളത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: അങ്ങനെയല്ല. ശ്രീ. കെ. സി. ജോസഫിന് തെറ്റി. ഇൻഡ്യയിൽ ആദ്യമായി കർഷകത്തൊഴിലാളി നിയമം കൊണ്ടുവന്നത് ഞാൻ ധനകാര്യമന്ത്രി ആയിരിക്കുമ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിലൂടെയാണ്. എനിക്ക് അതിൽ അഭിമാനമുണ്ട്. ശ്രീ. വക്കം പുരുഷോത്തമൻ കൊണ്ടുവന്നത് മറ്റൊരു രൂപമാണ്. കർഷകത്തൊഴിലാളി നിയമം ഞാൻ അവതരിപ്പിച്ച ബഡ്ജറ്റിലൂടെ കൊണ്ടുവന്ന നിയമനിർമ്മാണമാണ്. പുരോഗമന വീക്ഷണം നിങ്ങൾക്ക് കുത്തകയൊന്നുമല്ല. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—35

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ,, കെ. അച്ചുതൻ
3. ,, സി. ടി. അഹമ്മദ് അലി
4. ,, കെ. എ. ചന്ദ്രൻ
5. ,, കെ. സി. ജോസഫ്
6. ,, ജോസഫ് എം. പുതുശ്ശേരി
7. ,, പി. ജെ. ജോയി
8. ,, വി. ജെ. പൗലോസ്
9. ,, ജി. പ്രതാപവർമ്മ തമ്പാൻ
10. ,, വക്കം പുരുഷോത്തമൻ
11. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ,, ടി. യു. രാധാകൃഷ്ണൻ
13. ,, എം. വി. രാഘവൻ
14. ,, വർക്കല കഹാർ
15. ,, ജി. കാർത്തികേയൻ
16. ,, കെ. കെ. നായർ
17. ,, ലൂഡി ലൂയിസ്
18. ,, കെ. എം. മാണി
19. ,, എ. കെ. മണി
20. ,, കെ. കെ. ഷാജു
21. ,, കടവൂർ ശിവദാസൻ
22. ,, എ. സുജനപാൽ
23. ,, എൻ. സുന്ദരൻ നാടാർ
24. ,, സി. എഫ്. തോമസ്
25. ,, എ. എൻ. രാജൻബാബു
26. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
27. ,, റോഷി അഗസ്റ്റിൻ

GPM. 2/611/2012—27

LIBRARY ARCHIVES Kerala Legislative Assembly

28. ശ്രീ. എൻ. ശക്തൻ
29. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
30. ശ്രീ. പി. ടി. തോമസ്
31. ,, തോമസ് ചാഴികാടൻ
32. ,, തോമസ് ഉണ്ണിയാടൻ
33. ,, എം. എ. വാഹീദ്
34. ,, ബി. വിജയകുമാർ
35. ,, പി. പി. ജോർജ്

പ്രതികൂലിക്കുന്നവർ—27

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, ബിനോയ് വിശ്വം
4. ,, വി. കെ. ചന്ദ്രൻ
5. ,, ടി. കെ. ദേവകുമാർ
6. ,, പി. സി. ജോർജ്
7. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
8. ശ്രീ. കെ. കെ. ജയചന്ദ്രൻ
9. ,, എം. വി. ജയരാജൻ
10. ,, ജോണി നെല്ലൂർ
11. ,, പി. ജയരാജൻ
12. ,, എം. കുമാരൻ
13. ,, കെ. വി. കുഞ്ഞിരാമൻ
14. ,, വി. കെ. സി. മമ്മത്കോയ
15. ,, കെ. പി. മോഹനൻ
16. ,, എ. സി. മൊയ്തീൻ
17. ,, പിരപ്പൻകോട് മുരളി
18. ,, പി. നാരായണൻ
19. ,, എം. പ്രകാശൻ മാസ്റ്റർ
20. ,, കെ. രാധാകൃഷ്ണൻ
21. ,, എൻ. രാജൻ
22. ,, കെ. പി. രാജേന്ദ്രൻ
23. ,, രാജു എബ്രഹാം

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. സാജു പോൾ
25. „ കെ. പി. സതീശ് ചന്ദ്രൻ
26. „ പി. എസ്. സുപാൽ
27. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ —ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ— 35

പ്രതികൂലിക്കുന്നവർ— 27

നിഷ്പക്ഷത പാലിക്കുന്നവർ —ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ഭേദഗതികൾ സ്വീകാര്യമല്ല. എല്ലാപേരും യോജിക്കുന്നതാണ്. മതധർമ്മ സ്ഥാപനങ്ങളുടെ ഭൂമി ഗവൺമെന്റ് ഏറ്റെടുത്തു. ഗവൺമെന്റ് ആ സ്ഥാപനങ്ങൾക്ക് ആന്യൂറ്റി കൊടുക്കണം. ആന്യൂറ്റിയുടെ തുക വർദ്ധിപ്പിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി പുസ്സ് ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly